**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3102** **18.06.2019 ൽ മറുപടിയ്ക്ക്**

**ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമി**

| **ചോദ്യം**<br>**ശ്രീ.പി.ടി.തോമസ്**<br>**ശ്രീ.വി.ടി.ബൽറാം** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2005 മുതൽ ഏതെല്ലാം കമ്മീഷൻ /കമ്മിറ്റികളെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2005-ൽ ശ്രീമതി. നിവേദിത പി. ഹരൻ, ഐ.എ.എസ്സ് ന്റെ കീഴിൽ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിരുന്നു. 27.9.2007-ൽ ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകാൻ കേരള - മുംബെയ് ഹൈക്കോടതികളിലെ ജഡ്ജായിരുന്ന ജസ്റ്റിസ്.എൽ.മനോഹരനെ ചുമതലപ്പെടുത്തി. ഉന്നതാധികാര സമിതി റിപ്പോർട്ട്, ജസ്റ്റിസ്.എൽ.മനോഹരന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിദേശ കമ്പനികൾ സംസ്ഥാനത്ത് ഭൂമി കൈവശം വയ്ക്കുന്നതിന്റെ ആധാരങ്ങൾ / കരാർ ഉടമ്പടികൾ, റവന്യൂ രേഖകൾ എന്നിവ പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2009-ൽ ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ. സജിത് ബാബുവിന്റെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തി. 2013-ൽ ഹാരിസൺ മലയളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി കേരള ഭൂസംരക്ഷണ നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസിനെ ചുമതലപ്പെടുത്തുകയുണ്ടായി. സംസ്ഥാനത്ത് |

| | | |
|---|---|---|
| | | സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന ഭൂമിയിലെ നിലവിലെ കൈവശക്കാർക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ രേഖാമൂലം ഭൂമി കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറായി ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ്സിനെ 2015-ൽ വീണ്ടും ചുമതലപ്പെടുത്തുകയുണ്ടായി. |
| (ബി) | ഓരോ കമ്മീഷൻ /കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത സ്ഥാപനം കൈവശപ്പെടുത്തിയിരിക്കുന്ന സർക്കാർഭൂമി സംബന്ധിച്ച വിവരം ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) 27.9.2007 ൽ സമർപ്പിച്ച ഉന്നതാധികാര സമിതി റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ 8 ജില്ലകളിലായി ഹാരിസൺ കമ്പനിയും അവരിൽ നിന്നും ഭൂമി നേടിയവരും, മറ്റ് കയ്യേറ്റക്കാരും ചേർന്ന് ആകെ 76,769.80 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത ഭൂമി സംബന്ധിച്ചുള്ള പരിശോധനയാണ് പിന്നീട് വന്ന രണ്ട് സമിതികളും നടത്തിയിട്ടുള്ളത്. 25.4.2013 ലെ ഉത്തരവ് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസറായ ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ് ന്റെ പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിവരം ജില്ല തിരിച്ച് താഴെ വിവരിക്കുന്നു.<br><br>1 കൊല്ലം - 10,213 ഏക്കർ<br>2 പത്തനംതിട്ട - 7,635 ഏക്കർ<br>3 കോട്ടയം - 3,645 ഏക്കർ<br>4 ഇടുക്കി - 16,683 ഏക്കർ<br>5 തൃശ്ശൂർ - 6,063 ഏക്കർ<br>6 വയനാട് -28,591 ഏക്കർ<br>7 എറണാകുളം - 3 ഏക്കർ<br>8 കോഴിക്കോട് റിപ്പോർട്ടു ചെയ്തിട്ടില്ല<br><br>9 ആകെ - 72,833 ഏക്കർ |
| (സി) | ഇങ്ങനെ അനധികൃതമായി പ്രസ്തുത സ്ഥാപനം കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുന്നതിന് സർക്കാർ | (സി) സർക്കാർ ഭൂമി തിരിച്ചു പിടിക്കാൻ ഉത്തരം നമ്പർ (എ) യിൽ പരാമർശിച്ച നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 25.4.2013 ലെ ജി.ഒ(എം.എസ്) - |

| | | |
|---|---|---|
| | ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | 161/2013/റവ -നമ്പർ ഉത്തരവ് പ്രകാരമാണ് 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കാൻ ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ്സിനെ ചുമതലപ്പെടുത്തിയിരുന്നത്. ആദ്യഘട്ടം നടപടി എന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺ കമ്പനിയും, അവരിൽ നിന്നും ഭൂമി നേടിയവരും, മറ്റു കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 38,171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ നടപടി സ്വീകരിച്ചു. എന്നാൽ പ്രസ്തുത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ടി കമ്പനിയും മറ്റും ബഹു. ഹൈക്കോടതിയിൽ വിവിധ റിട്ടുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11.4.2018 ൽ വിധിന്യായം പുറപ്പെടുവിച്ചു. 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്നും എന്നാൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും സർക്കാരിന് നിർദ്ദേശം നൽകി. ഈ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത എസ്.എൽ.പി കൾ ബഹു.സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ, ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ 06.06.2019 ലെ ജി.ഒ(എം.എസ്) - 172/2019/റവ - നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇവർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് തണ്ടപ്പേരോ പോക്കുവരവോ കരമൊടുക്കോ നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) സർക്കാർ ചുമതലപ്പെടുത്തിയിരുന്ന വിവിധ അന്വേഷണ സമിതികളുടെ റിപ്പോർട്ട് പ്രകാരം റവന്യൂ രേഖകളിൽ അനധികൃതമായി ഇംഗ്ലീഷ് കമ്പനികളുടെ പേരുകൾ ചേർത്ത് വ്യാജ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിദേശ കമ്പനികളുടെയും. പൗരൻമാരുടെയും പേരുകളിലാണ് പോക്കുവരവ് ചെയ്ത് തണ്ടപ്പേർ നമ്പരുകൾ നൽകിയിട്ടുള്ളത്. നിലവിലെ കൈവശക്കാരുടെ പേരുകൾ അപൂർവ്വമായേ റവന്യൂ റിക്കാർഡുകളിൽ ചേർത്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ നിലവിലെ കൈവശക്കാർ ഭൂനികുതി ഒടുക്കുന്നത് സ്വാതന്ത്ര്യത്തിന് മുമ്പ് ഭൂമി കൈവശം വച്ചിരുന്ന വിദേശ കമ്പനികളുടെയും പൗരൻമാരുടെയും തണ്ടപ്പേർ |

| | | |
|---|---|---|
| | | നമ്പരുകളിലാകുന്നു. സ്പെഷ്യൽ ഓഫീസർ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്നതിനെതിരെ ധാരാളം റിട്ടുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. ഇത്തരം കേസുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത് സ്ഥാപിക്കൽ അല്ല എന്നും, സർക്കാരിന്റെ ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സമല്ലെന്നും ബഹു. ഹൈക്കോടതി ആവർത്തിച്ച് വ്യക്തമാക്കിയതിനാൽ 06.06.2019 ലെ ടി സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്കു വിധേയമായി ഭൂനികുതി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ